.വസ്തുനികുതി പരിഷ്ക്കരണം

73 (3825) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ കെട്ടിടനികുതി, വസ്തു നികുതി എന്നിവ ഏറ്റവും അവസാനമായി പരിഷ്ക്കരിച്ചതെന്നാണ് ;

(ബി) ഇപ്പോൾ വസ്തുനികുതി, കെട്ടിട നികുതി എന്നിവ പരിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിന് സർക്കാർ എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1992-1993 കാലയളവിലാണ് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും അവസാനമായി കെട്ടിട നികുതി /വസ്തു നികുതി പരിഷ്ക്കരണം നടത്തിയത്.

(ബി) 2003 ഒക്ടോബർ 1 മുതൽ പരിഷ്ക്കരിച്ച വസ്തു നികുതി പ്രാബല്യത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നു.

(സി) ഉണ്ട്. പ്രദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പഞ്ചായത്ത്/ നഗരസഭാ പ്രദേശങ്ങളെ പ്രധാന മേഖലയെന്നും, രണ്ടാം മേഖലയെന്നും തരം തിരിച്ച്, കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന് റോഡിന്റെ സാമീപ്യം, കെട്ടിടത്തിന്റെ പഴക്കം കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ നിർമ്മാണ വസ്തുക്കളുടെ ഗുണമേന്മ, കെട്ടിടത്തിന്റെ ഉപയോഗം, തറ വിസ്തീർണ്ണം എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി കെട്ടിടനികുതി പരിഷ്ക്കരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

പിഴശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

74 (3826) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ നെൻമേനി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ ഓംബുഡ്സ്മാൻ പിഴ വിധിച്ചു ശിക്ഷിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഓംബുഡ്സ്മാൻ വിധിയുടെ കോപ്പി ലഭ്യമാക്കുമോ ;

(സി) 2000-2001-ൽ ഗ്രാമപഞ്ചായത്ത് സമിതി അംഗീകരിക്കുകയും ഡി.പി.സി. അനുമതി നൽകുകയും ചെയ്ത പ്രോജക്ട് നടപ്പാക്കാതിരിക്കാൻ തുടർന്നു വന്ന ഭരണസമിതിക്ക് അധികാരമുണ്ടോ ; എങ്കിൽ അത് സംബന്ധമായി അധികാരം നൽകുന്ന ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓംബുഡ്സ്മാൻ ഉത്തരവ് നടപ്പാക്കാതിരിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) പ്രോജക്ട് നടപ്പാക്കാൻ ഗ്രാമപഞ്ചായത്ത് വിസമ്മതിച്ചാൽ സർക്കാരിനു ഇടപെടാൻ അധികാരമുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) പദ്ധതി തുക അംഗീകൃത പ്രോജക്ടിനു വേണ്ടി വിനിയോഗിക്കാതെ ദുരുപയോഗം ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) പിഴശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ നീക്കം ചെയ്യണമെന്നവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വയനാട് ജില്ലയിലെ നെൻമേനി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിനും സെക്രട്ടറിക്കുമെതിരെ ചീരാൽ വില്ലേജ് വനിതാ വ്യവസായ സംഘം പ്രസിഡന്റ് ശ്രീമതി വിലാസിനി ഫയൽ ചെയ്ത ഒ. പി. 156/2001-ൽ 6-6-2003-ൽ ഓംബുഡ്സ്മാൻ തീർപ്പു കൽപ്പിച്ചു.

(ബി) അനുബന്ധത്തിൽ കാണാവുന്നതാണ്.*

(സി) ഉണ്ട്. ഉത്തരവിന്റെ കോപ്പി അനുബന്ധത്തിൽ കാണാവുന്നതാണ്.

(ഡി) അധികാരമില്ല. ഓംബുഡ്സ്മാൻ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ വീഴ്ചവരുത്തുന്നവർക്കെതിരെ യുക്തമെന്നു തോന്നുന്ന നടപടി സ്വീകരിക്കുവാൻ ഓംബുഡ്സ്മാന് അധികാരമുണ്ട്.

(ഇ) പ്രോജക്ട് അംഗീകരിക്കുന്നതിനും നടപ്പാക്കുന്നതിനും സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചാൽ സർക്കാരിന് ഇടപെടാൻ അധികാരമുണ്ട്.

(എഫ്) . ഇല്ല.

(ജി) ഇല്ല.

മാണിക്കപ്പറമ്പ് ജി. യു. പി. സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തികൾ

75 (3827) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ മാണിക്കപ്പറമ്പ് ജി.യു.പി. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ 1997-ലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചത് നാളിതുവരെ പൂർത്തിയാക്കിയിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly